# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2401 | 08/12/2015-ൽ മറുപടിക്ക്

## ഐ.ടി ഉൽപ്പന്ന കയറ്റുമതി

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷം കേരളത്തിന്റെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതുമായി ബന്ധപ്പെട്ട് 2015 ഒക്ടോബർ 31 വരെ എത്ര കോടി രൂപയുടെ ഐ.ടി. ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു; ഇതുമായി ബന്ധപ്പെട്ട് നടപ്പുവർഷം നാളിതുവരെ എത്ര കോടി രൂപ ഐ. ടി. വകുപ്പ് നികുതിയിനത്തിൽ നൽകി; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി പാർക്കുകളിൽ നിന്നും 2014-15 സാമ്പത്തിക വർഷം ഏകദേശം 8250.28 കോടി രൂപയുടെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി നടന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ ( STP & Non-STP) നിന്നും 2014-15 സാമ്പത്തിക വർഷം ഏകദേശം 2867.77 കോടി രൂപയുടെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി നടന്നു. 2015 ഒക്ടോബർ 31 വരെയുള്ള ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ നിലവിൽ ലഭ്യമല്ല. SEZ-ൽ നിന്നുമോ അല്ലാതെയോ ഉള്ള സോഫ്റ്റ് വെയർ കയറ്റുമതിക്ക് നികുതി ബാധകമല്ല. |
| (ബി) | 2014-15 സാമ്പത്തിക വർഷം ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം ഒക്ടോബർ 31 വരെ എത്ര കോടി രൂപയാണ്; ഇതിലൂടെ എത്ര ഐ.ടി. പ്രൊഫഷണലുകൾക്ക് തൊഴിൽ ലഭിച്ചു വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2014-15 സാമ്പത്തിക വർഷം ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 7.84 കോടി രൂപയാണ്. ടി കമ്പനികളുടെ 2015 ഒക്ടോബർ 31 വരെയുള്ള വിറ്റു വരവ് 4.61 കോടി രൂപയാണ്. ഇതിലൂടെ 209 പേർക്ക് തൊഴിൽ ലഭിച്ചു. |
| (സി) | നിലവിൽ എത്ര ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും തൊഴിലെടുക്കുന്നു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി പാർക്കുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു; തിരുവനന്തപുരം ടെക്നോപാർക്കിൽ വിവിധ പദ്ധതികളിലെ കമ്പനികളുടെ എണ്ണം 349-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | എണ്ണം ഏകദേശം 49165-ഉം ആണ്. കൊല്ലം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 9-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 126-ഉം ആണ്.<br>കൊച്ചി ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 181-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 24350-ഉം ആണ്. തൃശ്ശൂർ ജില്ലയിലെ ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 29-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 600-ഉം ആണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 26-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 460-ഉം ആണ്. കോഴിക്കോട് സൈബർ പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 4-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 100-ഉം ആണ്. തിരുവനന്തപുരം സ്റ്റാർട്ട് അപ് മിഷനു കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം 41-ഉം, നേരിട്ട് തൊഴിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം 209-ഉം ആണ്.<br>നേരിട്ടുള്ള തൊഴിലവസരങ്ങളുടെ മൂന്നു മുതൽ നാലിരട്ടി വരെയാണ് നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| (ഡി) | ഐ.ടി വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന ആധാർ ഫയലിംഗ് ഇപ്പോൾ കൈക്കലാക്കിയിരിക്കുന്ന ഏജൻസികൾ ഏതെല്ലാം; ഇതിനായി ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ് വെയർ ആരുടേതാണ്; സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിന്റേതാണോ; സ്വകാര്യ സ്ഥാപനത്തിന്റേതാണോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | അക്ഷയ, കെൽട്രോൺ, ഐ.ടി @ സ്കൂൾ എന്നീ ഏജൻസികളെയാണ് സംസ്ഥാന സർക്കാർ ആധാർ രജിസ്ട്രേഷനു വേണ്ടി നിയോഗിച്ചിട്ടുള്ളത്. ആധാറുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുന്നതിന് അഖിലേന്ത്യാ തലത്തിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള UIDAI വികസിപ്പിച്ച സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ